## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2207** — **08. 12. 2015 ൽ മറുപടിക്ക്**

### കെ.എസ്.ഇ.ബി റഗുലേറ്ററി കമ്മീഷൻ

**ചോദ്യം**

ശ്രീ.എ.കെ.ബാലൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി റെഗുലേറ്ററി കമ്മീഷന് നല്കിയിട്ടുണ്ടോ ; എന്നാണ് നൽകിയത്; ഏതു വർഷത്തേയ്യുള്ളതാണ് നൽകിയത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ; റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി-യുടെ നിർദ്ദേശം അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടുണ്ടോ;വിശദമാക്കുമോ?

(എ) & (ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കെ.എസ്.ഇ.ബി ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലറ്റി കമ്മീഷൻ മുമ്പാകെ നല്കിയിട്ടില്ല.

എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ച ഫ്യൂവൽ സർചാർജ്ജ് റെഗുലേഷൻ, 2009 പ്രകാരം ഇന്ധന വിലയിൽ ഉണ്ടാകുന്ന വ്യതിയാനം മൂലം ബോർഡിന്റെ വൈദ്യുതി വാങ്ങൽ ചെലവിലുണ്ടായ അധിക ബാധ്യത ഉപഭോക്താക്കളിൽ നിന്ന് ഫ്യൂവൽ സർചാർജ്ജായി വൈദ്യുതി ചാർജ്ജിനു പുറമെ ഈടാക്കാവുന്നതാണ്.
പ്രസ്തുത റെഗുലേഷനു വിധേയമായി 2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ച ഫ്യൂവൽ സർചാർജ്ജ് പെറ്റീഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

2014-15 സാമ്പത്തിക വർഷത്തിൽ ഫ്യൂവൽ സർചാർജ്ജ് ഈടാക്കുന്നതിനു വേണ്ടി സമർപ്പിച്ച പെറ്റീഷനുകളുടെ വിവരം

| കാലയളവ് | പെറ്റീഷൻ സമർപ്പിച്ച തീയതി | അധിക ബാധ്യത (കോടി രൂപയിൽ) | കമ്മീഷൻ അനുവദിച്ച തുക (കോടിയിൽ) | ഉപഭോക്താക്കളിൽ നിന്ന് ഈടാക്കിയ തുക |
|---|---|---|---|---|
| 2014 ഏപ്രിൽ മുതൽ ജൂൺ വരെ | 21.10. 2014 | 32.39 | 32.05 | 08.01.2015-ൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവു പ്രകാരം സർചാർജ്ജ് ഉടനടി ഈടാക്കുവാൻ അനുവദിച്ചിട്ടില്ല വരുന്ന പാദവർഷങ്ങളോ - ടൊപ്പം, അംഗീകരിച്ചേക്കാവുന്ന |

| | | | | | |
|---|---|---|---|---|---|
| | | | | | ഇന്ധന സർചാർജ്ജിനോടൊപ്പം ഈടാക്കാൻ അനുവദിച്ചിട്ടുണ്ട്. |
| | 2014 ജൂലായ് മുതൽ സെപ്റ്റംബർ വരെ | 25.11.2014 | 34.95 | റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് നടത്തിയെങ്കിലും അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല | |
| | 2014 ഒക്ടോബർ മുതൽ ഡിസംബർ വരെ | 17.04.2015 | 44.55 | | |
| | 2015 ജനുവരി മുതൽ 2015 മാർച്ച് വരെ | 21.05.2015 | 43.85 | പൊതു തെളിവെടുപ്പ് നടത്തിയിട്ടില്ല | |

സെക്ഷൻ ഓഫീസർ